**പതിനഞ്ചാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
2025 മാർച്ച് 20, വ്യാഴം

**കാര്യവിവരപ്പട്ടിക**

1. **ചോദ്യങ്ങൾ:**
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

2. **ശ്രദ്ധ ക്ഷണിക്കൽ:**
(1) ആലപ്പുഴ - ചങ്ങനാശ്ശേരി കനാലും അനുബന്ധ കനാലുകളും പുനരുദ്ധരിച്ച് നീരൊഴുക്ക് ഉറപ്പാക്കേണ്ടതിന്റെയും വേമ്പനാട്ട് കായൽ ഉൾപ്പടെ ആഴം കൂട്ടി ജല നിർഗ്ഗമനം ഉറപ്പാക്കേണ്ടതിന്റെയും ശുദ്ധീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. തോമസ് കെ.തോമസ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.
(2) കൊച്ചി കോർപ്പറേഷനിലും പരിസര മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആലുവയിലെ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് 190 MLD ശുദ്ധീകരണ ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. ജെ. വിനോദ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

3. **റിപ്പോർട്ടുകളുടെ സമർപ്പണം :**
(1) സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സന് വേണ്ടി എക്സ്-ഒഫിഷ്യോ അംഗമായ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(2) ധനകാര്യ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കെ. എൻ. ബാലഗോപാൽ 2025-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. ടി. പി. രാമകൃഷ്ണൻ സമിതിയുടെ അറുപത്തിനാല് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(4) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ശ്രീമതി ശാന്തകുമാരി കെ. സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(5) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. എ. സി. മൊയ്തീൻ സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(6)അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. പ്രമോദ് നാരായണൻ സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

4. **ധനകാര്യം :**

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | - | ശുദ്ധജലവിതരണവും ശുചീകരണവും. |
| ധനാഭ്യർത്ഥന നമ്പർ XXV | - | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം. |
| ധനാഭ്യർത്ഥന നമ്പർ XXX | - | ഭക്ഷ്യം. |
| ധനാഭ്യർത്ഥന നമ്പർ XXXI | - | മൃഗസംരക്ഷണം. |
| ധനാഭ്യർത്ഥന നമ്പർ XXXII | - | ക്ഷീരവികസനം. |
| ധനാഭ്യർത്ഥന നമ്പർ XXXVIII | - | ജലസേചനം. |

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 മാർച്ച് 19.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY
## Thirteenth Session

Thursday, March 20, 2025

## LIST OF BUSINESS

**I. <u>Questions:</u>**

Questions entered in the separate list to be asked and answered.

**II. <u>Calling Attention:</u>**

(1) Shri. Thomas K. Thomas to call the attention of the Minister for Water Resorces to the necessity to renovate the Alappuzha-Changanassery canal and its associated canals to ensure their waterflow by deepening them, and to purify water courses including the Vembanad Lake.

(2) Shri. T. J. Vinod to call the attention of the Minister for Water Resources to the necessity to establish a new water treatment plant with a treatment capacity of 190 MLD at the Kerala Water Authority site in Aluva to make it beneficial to the Kochi Corporation and surrounding Municipalities and Panchayats.

**III. <u>Presentation of Reports :</u>**

(1) Dr. R. Bindu, Minister for Higher Education and Social Justice and Ex-officio Member, Subject Committee VI to present the Reports of the Subject Committee on The Kerala Sports (Amendment) Bill, 2024 and The University Laws (Amendment) (No.2) Bill, 2025, on behalf of Chairperson.

(2) Shri. K. N. Balagopal, Minister for Finance and Chairperson, Subject Committee VIII to present the Report of the Subject Committee on The Kerala Finance Bill, 2025.

(3) Shri. T. P. Ramakrishnan, Chairperson, Committee on Local Fund Accounts to present Sixty Fourth to Sixty Sixth Reports of the Committee.

(4) Smt. Santhakumari K., Chairperson, Committee on the Welfare of Scheduled Castes and Scheduled Tribes to present Fifth and Sixth Reports of the Committee.

(5) Shri. A. C. Moideen, Chairperson, Committee on the Welfare of Non-Resident Keralite Affairs to present Fifteenth and Sixteenth Reports of the Committee.

(6) Shri. Pramod Narayan, Chairperson, Committee on Private Members' Bills and Resolutions to present Sixteenth and Seventeenth Reports of the Committee.

**IV. Financial Business :**

Discussion and Voting on Demands for Grants in the Budget for the Financial Year 2025-2026.

| | | |
|---|---|---|
| Demand No. XX | - | Water Supply and Sanitation. |
| Demand No. XXV | - | Welfare of Scheduled Castes/ Scheduled Tribes/ Other Backward Classes and Minorities. |
| Demand No. XXX | - | Food. |
| Demand No. XXXI | - | Animal Husbandry. |
| Demand No. XXXII | - | Dairy Development. |
| Demand No. XXXVIII | - | Irrigation. |

Secretariat of the Kerala Legislature,
Thiruvananthapuram,
March 19, 2025.

Dr. N. Krishna Kumar,
Secretary.